**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4569** **19-03-2025 - ൽ മറുപടിയ്ക്ക്**

**നാദാപുരം മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | നാദാപുരം നിയോജക മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ; | (എ) | നാദാപുരം നിയോജക മണ്ഡലത്തിലെ വിലൃംപാറ (2021-22), നാവോത്ത്കുന്ന് (2023-24) എന്നീ ഗ്രാമങ്ങളെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ വിലൃംപാറ നഗറിലെ നവീകരത്തിനായി ഏജൻസി ലഭ്യമാക്കിയ 96,20,410/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുകയും പ്രവൃത്തി ആരംഭിച്ചിട്ടുമുണ്ട്. നാവോത്ത്കുന്ന് നഗറിന്റെ എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | 2016 മുതൽ നാളിതുവരെ നാദാപുരം നിയോജക മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിലാണ് അംബേദ്കർ ഗ്രാമം പദ്ധതി അനുവദിച്ചതെന്നും ഒരോ പദ്ധതിയ്ക്കും ഏത്ര തുകയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്നും വിശദമാക്കാമോ; | (ബി) | മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |
| (സി) | മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ടുത്തിയ പട്ടികജാതി നഗറുകളുടെ നവീകരണവുമായി ബന്ധപ്പെട്ട് നാളിതുവരെയുള്ള പുരോഗതി അറിയിക്കാമോ; | (സി) | മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |
| (ഡി) | മണ്ഡലത്തിൽ നാളിതുവരെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ ഓരോ ഉന്നതിയിലും എത്ര കുടുംബങ്ങൾ താമസിക്കുന്നുണ്ടെന്ന വിശദാംശം നൽകാമോ; | (ഡി) | വിലൃംപാറ നഗർ നവീകരണ പ്രവൃത്തനങ്ങളുടെ ഏജൻസി സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റ് പ്രകാരം ടി ഗ്രാമത്തിൽ 28 പട്ടികജാതി കുടുംബങ്ങളും 3 ജനറൽ കുടുംബങ്ങളുമുണ്ട്. നാവോത്ത്കുന്ന് നഗറിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. |
| (ഇ) | കാവിലുംപാറ ഗ്രാമപഞ്ചായത്തിലെ ഓടോം കാട്, വലിയപറമ്പ് പട്ടികവർഗ്ഗ ഉന്നതികൾക്ക് അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി പ്രകാരം അനുവദിച്ച പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ? | (ഇ) | കാവിലുംപാറ പഞ്ചായത്തിലെ വലിയപറമ്പത്ത്, പൊയിൽ ഉന്നതികളാണ് പട്ടികവർഗ്ഗ വികസന വകുപ്പ് വഴി നടപ്പിലാക്കുന്ന അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അതിൽ പൊയിൽ ഉന്നതിയിലെ വികസന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. വലിയപറമ്പത്ത് |

| | | | |
|---|---|---|---|
| | | | ഉന്നതിയിലെ വികസന പ്രവൃത്തികൾ അന്തിമ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ